# കൂദശ് ഈത്തോ ഞായർ

(സഭയുടെ ശിലാസ്ഥാപനം/ശുദ്ധീകരണം)
2010 ഒക്ടോബർ 31

ഫാ. ജേക്കബ് മീഖായേൽ പുല്ല്യാട്ടേൽ

വി. ഏവൻഗേലിയോൻ (വി. മത്തായി 16:13–23/മാർക്കോസ് 8:27–337)

യാക്കോബായ സുറിയാനി സഭയിൽ സഭാവർഷത്തിന്റെ ആരംഭമാണ് കുദശ് ഈത്തോ ഞായറാഴ്ച. ഒക്ടോബർ 29 ന് ശേഷം വരുന്ന ആദ്യത്തെ ഞായറാഴ്ചയാണ് കൂദശ്ഈത്തോ. ഈ ഞായറാഴ്ച അടിസ്ഥാനമാക്കിയാണ് വർഷത്തിലെ എല്ലാ ഞായറാഴ്ചകളുടേയും കണക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ഏദൻ തോട്ടത്തിന്റെ സ്ഥാപനവും, സീനായ് പർവ്വതത്തിന്റെ വരവും സമാഗമന കൂടാരത്തിന്റെ സ്ഥാപനവും, പഴയ നിയമത്തിന്റെ പാപ പരിഹാരദിനവും, സഭയുടെ ശിലാസ്ഥാപനവും, ശുദ്ധീകരണവുമാണ് ഈ ഞായറാഴ്ചയുടെ വിഷയങ്ങൾ. വിശുദ്ധിയുടെ ഉറവയായ തന്റെ മണവാളനായ യേശു ക്രിസ്തുവിനോടുള്ള സഭയുടെ വിവാഹ നിശ്ചയവുമാണ് പഴയ നിയമ–പുതിയ നിയമ വായനയിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നത്. ജീവനോടിരിക്കുന്നവരുടേയും, മരിച്ചുപോയവരുടേയും ഏകസഭയുടെ ഏക തലവൻ ക്രിസ്തു മാത്രമാകുന്നു. സഭ സാർവത്രികമെന്നു പറഞ്ഞാൽ സഭയിൽ വിശ്വസിക്കുന്നവൻ എല്ലാം അതിന്റെ അംഗങ്ങളാവുന്നു. സഭ വിശുദ്ധി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും പൂർണ്ണ വിശുദ്ധിയെ പ്രാപിക്കുവാൻ പരിശ്ര മിക്കുകയും പാപത്തെയോ വേദ വിപരീതത്തേയോ ശീശ്മയേയോ നിരാകരിക്കുകയും ചെയ്യുന്നു. സഭ അപ്പോസ്തോലികമാണ് ( എഫേ 2:21–22) എന്തുകൊണ്ടെന്നാൽ ഇതിന്റെ പിന്തുടർച്ചയും കൈവെയ്പ്പും ഭരണവും പാരമ്പര്യവും കൂദാശകളും ശ്ലൈഹീക പിന്തുടർച്ചയിൽ നിന്ന് സ്വീകരി ക്കുകയും സംരക്ഷിക്കുകയും ചെയ്തു വരുന്നു.

യേശു ആരാണെന്ന് പത്രോസും, പത്രോസ് ആരാണെന്ന് യേശുവും ഇവിടെ വെളിപ്പെടുത്തുന്നു. (വി. മത്തായി 16:13–23/വി. മാർക്കോസ് 8: 27–33)

ക്രിസ്തു തന്നെ പറ്റി താൻ ആരാണെന്ന് ശ്ലീഹന്മാരോട് ചോദിക്കുന്നു. വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ചോദ്യമാണിത്. ശ്ലീഹാന്മാരിൽ ചിലർ ഏലിയാവ് എന്നും ചിലർ യിരമ്യാവെന്നും ചിലർ യോഹന്നാൻ സ്നാപകൻ എന്നും പറഞ്ഞു. ഇവർ ഇങ്ങനെ പറയുവാൻ കാരണം ഈ പ്രവാചകന്മാർ ജനഹൃദയത്തിൽ സ്ഥാനം പിടിച്ചവരായിരുന്നു. യേശു അവരോട് ‘നിങ്ങളെന്നെ ആരെന്ന് പറയുന്നു’ എന്നു ചോദിച്ചു. ശീമോൻ പത്രോസ് പറഞ്ഞു. ‘നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹായാകുന്നു. യേശു പറഞ്ഞു. ‘ജഢരക്തങ്ങളല്ല ഈ ബോധ്യം നിനക്കു നൽകിയത്.’

പത്രോസിന്റെ ഹൃദയത്തിൽ ക്രിസ്തുവിനെ ദൈവമായി അംഗീകരിച്ചിരുന്നു. നിന്റെ ഹൃദയം എവിടെയായിരിക്കുന്നുവോ അവിടെയാണ് നിക്ഷേപവും ഇരിക്കുന്നത്. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതു മാത്രമേ പുറത്തേക്ക് വരികയുള്ളു. പത്രോസിന്റെ ഹൃദയത്തിൽ ആഴ്ന്നിരുന്ന വിശ്വാസമാണ് പത്രോസ് വെളിപ്പെടുത്തുന്ന ‘നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹായാകുന്നു’ എന്നുള്ളത്.

ക്രിസ്തു തന്റെ ശിഷ്യ സമൂഹത്തോട് ‘താൻ ആരെന്നു പറയുന്നു’ എന്ന് ചോദിച്ചതു പോലെ നാമോരോരുത്തരും ചോദിച്ചു വിലയിരുത്തേണ്ട ഒന്നാണ് താൻ ആരാണ് എന്നുള്ളത്. തന്നെ പറ്റി മറ്റുള്ളവർ എന്ത് പറയുന്നു എന്നതിനെ അടിസ്ഥാനമാക്കി മാത്രമേ നമ്മുടെ വ്യക്തിത്വത്തെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു.

പത്രോസിന്റെ ക്രിസ്തുവിനെപറ്റിയുള്ള സാക്ഷ്യത്തിൽ സ്വർഗ്ഗസ്ഥനായ പിതാവിന്റെ വെളിപ്പെടുത്തൽ ഉണ്ടായിരുന്നു. (വി. മത്തായി 16 :17) ഹൃദയത്തിൽ ക്രിസ്തുവിനെ അംഗീ കരിച്ച പത്രോസിന് ഒരിക്കലും പിരിയാത്ത ഒരു ആത്മബന്ധത്തിന്റെ ആരംഭമായിരുന്നു ഈ വെളിപ്പെടുത്തൽ. ക്രൂശാരോഹണവും, ഉയർപ്പും, തേജസ്സ് കരണവും, പൊന്തിക്കോസ്തിയും കടന്ന് ഭൂമിയുടെ അറ്റത്തോളം ക്രിസ്തുവിനായി രക്തം ചിന്തുവാൻ പോലും മടിക്കാതെ സ്വന്തം ജീവനെക്കൊന്ന് ആ വാക്യത്തിന് അടിവരയിട്ടു പത്രോസ്.

ക്രിസ്തുവിനെ പിതാവാം, ദൈവം പത്രോസിലൂടെ ഏറ്റു പറയിപ്പിച്ചു. പത്രോസ് ഏറ്റു പറഞ്ഞ അടിസ്ഥാന ശിലയാകുന്ന വിശ്വാസത്താൽ സഭ പണിയപ്പെട്ടു. 'പാതാള ഗോപുരങ്ങൾക്ക് അതിനെ ജയിക്കുകയില്ല'. (വി. മത്തായി 16:18). ദിവ്യ വാഗ്ദത്തത്തിൽ വിശ്വസിക്കുന്നവരായ നാം ലോകാ വസാനത്തോളം സഭ നില നിൽക്കുമെന്ന് നിസംശയം പറയാം. (മത്തായി 28:20) കുദശ് ഈത്തോ കർത്താവിന്റെ ദൈവത്വത്തെ ഊന്നി പറയുന്നു. (വി. മത്തായി 16:13–23). കർത്താവിന്റെ ദൈവത്വത്തിലുള്ള ഏറ്റു പറച്ചിലാണല്ലോ സഭയുടെ അടിസ്ഥാനം. ഇതുകൊണ്ടാണ് കൂദശ് ഈത്തോ ഞായറാഴ്ചയെ സഭയുടെ ശിലാസ്ഥാപന ദിനം എന്നു പറയുന്നത്.

വി. സഭ. മാമോദീസ മുഖാന്തിരം സ്വർഗ്ഗ രാജ്യത്തിന് സന്താനങ്ങളെ ജനിപ്പിക്കുകയും വി. മൂറോനാൽ വിശുദ്ധാത്മ ദാനം നൽകുകയും കർത്താവിന്റെ തിരു ശരീര രക്തങ്ങളാൽ വളർ ത്തുകയും, പൗരോഹിത്യത്താൽ പുണ്യപ്പെടുത്തുകയും(വി. മത്തായി 16:19), വേദ പുസ്തകത്താ ൽ പഠിപ്പിക്കുകയും, അനുതാപത്താൽ തിരികെ സ്വീകരിക്കുകയും തൈലത്താൽ സുഖപ്പെടുത്തു കയും വിവാഹത്താൽ സന്തോഷിപ്പിക്കുകയും മറ്റു ശുശ്രൂഷകളാൽ ധന്യമാക്കുകയും ചെയ്യുന്നു.

വി. പത്രോസിന്റെ വിശ്വാസത്തെ അടിസ്ഥാനമായും. വി. പൗലോസിനെ ശില്പിയായും, വി. യോഹന്നാൻ മാംദാനയെ തോഴനായും. താൻ നിയമിക്കുകയും, ശ്ലീഹാന്മാരുടെ പൗരോഹി ത്യം കൊണ്ടും രക്തസാക്ഷികളുടെ രക്തം കൊണ്ടും നിബിയന്മാരുടെ പ്രവചനങ്ങൾ കൊണ്ടും മൽപ്പാന്മാരുടെ വ്യാഖ്യാനം കൊണ്ടും കന്യാവ്രതക്കാരുടെ സുകൃതങ്ങൾ കൊണ്ടും വിശ്വാസി കളുടെ പുണ്യം കൊണ്ടും ഇവളെ ധന്യമാക്കുന്നു. വി. ഏശയ്യ 53 മുതൽ 66 വരെയുള്ള അദ്ധ്യായങ്ങളിൽ സഭയുടെ മഹത്വത്തെ കുറിച്ച് കാണാം.

വി. സഭയുടെ ശിലാസ്ഥാപനത്തിന്റേയും ശുദ്ധീകരണത്തിന്റേയും, ഈ പെരുന്നാളിൽ നമ്മുടെ ആത്മാക്കളിൽ ദൈവം വന്നു വസിക്കുവാൻ തക്കവണ്ണം അനുതാപത്താലും, വി.കൂദാശ കളുടെ അനുഭവത്താലും നമ്മെ തന്നെ ശുദ്ധീകരിക്കുകയും വി. സഭയുടെ വിശ്വാസം നന്നായിട്ടു പഠിക്കുവാനും, പഠിപ്പിക്കുവാനും, പ്രചരിപ്പിക്കുവാനും ഉത്സാഹിക്കുകയും കർത്താവിനോടും, തന്റെ സഭയോടുമുള്ള വിശ്വാസത്തിലും സ്നേഹത്തിലും അംഗങ്ങളായി സ്ഥിരപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സഭയുടെ വിശുദ്ധിയാണ് ദൈവത്തിന്റെ ഇഷ്ടമെന്നും, വിശുദ്ധി കൂടാതെ ദൈവത്തെ ആർക്കും കാണുവാൻ സാധ്യമല്ലെന്നും (എബ്രെ 12:14) ൽ കാണാം. സഭാ മക്കൾ വിശുദ്ധിയിൽ ജീവിക്കുന്നില്ലെങ്കിൽ മറ്റുള്ളവരോട് സുവിശേഷം അറിയിക്കുന്നത് വ്യർത്ഥവും നിഷ്ഫലവുമാണ്. ഇപ്രകാരം ദൈവത്തിൽ ശുദ്ധീകരണം പ്രാപിച്ച ദൈവം ആഗ്രഹിക്കുന്ന ജീവിതം നയിക്കുവാൻ കൂദശ്ഈത്തോ വഴി ഏവർക്കും സാധിക്കട്ടെ.

അവലംബം

ജീവജലം, യാക്കോബായ സിറിയൻ ക്രിസ്ത്യൻ എൽഡേഴ്സ് ഫോറം എക്ളീഷ്യ 2008